## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.** 1752 — **12-06-2019 ൽ മറുപടിയ്ക്ക്**

## നൂനപക്ഷക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| എ) | സംസ്ഥാനത്ത് നൂനപക്ഷക്ഷേമവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | എ) | 1. സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.<br>2. വിധവ/വിവാഹബന്ധം വേർപ്പെടുത്തിയ/ ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവനനിർമ്മാണ /പുനരുദ്ധാരണ പദ്ധതി.<br>3. ഹൈസ്കൂൾ, ഹയർ സെക്കന്ററി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സൗജന്യ കരിയർ ഗൈഡൻസ് പരിശീലനം.<br>4. സ്വകാര്യ ഐ.റ്റി.ഐ./ഐ.റ്റി.സി. കോഴ്സുകൾക്ക് പഠിക്കുന്ന നൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾ ക്ക് ഫീ - റീ ഇംബേഴ്സ്മെൻറ് സ്കീം.<br>5. എസ്.എസ്.എൽ.സി/പ്ലസ് ടു/വി.എച്ച്.എസ്.ഇ/ ബിരുദ/ബിരുദാനന്തരബിരുദ തലങ്ങളിൽ ഉന്നത വിജയം നേടിയ നൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്.<br>6. നൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.<br>7. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ റീ-ഇംബേഴ്സ് ചെയ്തു നൽകുന്ന പദ്ധതി.<br>8. ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.<br>9. സി.എച്ച്. മുഹമ്മദ് കോയ ഗേൾസ് സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ്.<br>10. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി.<br>11. മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയിൽ അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും വിവാഹ ധന സഹായ പദ്ധതി. |

| | | | |
|---|---|---|---|
| | | | 12. എസ്.എസ്.എൽ.സി/പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ നേടിയ മദ്രസ്സാദ്ധ്യാപകരുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.<br>13. കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) പത്തനംതിട്ട, തൃശ്ശൂർ ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ നടപ്പിലാക്കിവരുന്നു.<br>14. മദ്രസ്സാക്ഷേമനിധി അംഗങ്ങളായ മദ്രസ്സാദ്ധ്യാപകർക്ക് ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുഖേന അനുവദിക്കുന്ന ഭവന വായ്പാ പദ്ധതി.<br>15. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.<br>16. നഴ്സിങ് ഡിപ്ലോമ / പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദർതെരേസ സ്കോളർഷിപ്പ് പദ്ധതി.<br>17. സർക്കാർ / എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ അബ്ദുൾ കലാം സ്കോളർഷിപ്പ് പദ്ധതി.<br>18. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിങ് പദ്ധതി. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ? | ബി) | ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഭവനപദ്ധതി , കരിയർഗൈഡൻസ് പദ്ധതി എന്നിവ ജില്ലാ അടിസ്ഥാനത്തിലും മറ്റു പദ്ധതികൾ സംസ്ഥാനാടിസ്ഥാനത്തിലുമാണ് നടപ്പിലാക്കുന്നത്. ഓരോ ജില്ലകൾക്ക് മാത്രമായി പദ്ധതി നടപ്പിലാക്കുന്നില്ല. ടി പദ്ധതികളുടെ പ്രയോജനം കോട്ടയം, പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ ലഭിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**